തുന്നതു ഞാനാണു്. കേരളസംസ്ഥാനം നിലവിൽവരുകയും ഇ. എം. എസ്. മുഖ്യമന്ത്രിയായുള്ള ഗവണ്മെന്റ് അതിന്റെ ഭരണമേറ്റെടുക്കുകയും ചെയ്തപ്പോൾ, ലോക-കമ്യൂണിസത്തിൽത്തന്നെ ഒരു പുതുമയും ഇന്ത്യയുടെ രാഷ്ട്രീയചരിത്രത്തിൽ തീർച്ചയായും ഒരു വഴിത്തിരിവുമായ ഈ പരീക്ഷണത്തെ സ്വാഗതംചെയ്യുന്ന മുഖപ്രസംഗങ്ങൾ മാതൃഭൂമിദിനപത്രത്തിലും ലേഖനങ്ങൾ ആഴ്ചപ്പതിപ്പിലും പ്രസിദ്ധീകരിക്കപ്പെടുകയുണ്ടായി. കോൺഗ്രസ്പാർട്ടിയുടെ മുഖപത്രമെന്ന നിലവിട്ടു് ഇന്ത്യയിലെ ഒരു ദേശീയപത്രമെന്ന നിലയിലേക്കു മാതൃഭൂമി പരിവർത്തനംചെയ്തതു് ഇക്കാലത്തായിരുന്നു. ഈ പരിവർത്തനത്തെ മാധവമേനോനോ കുട്ടിമാളു അമ്മയോ ഇഷ്ടപ്പെട്ടിരുന്നില്ല. എങ്കിലും അഭിപ്രായഭേദങ്ങളെ ആദരിക്കുവാൻ അവർക്കു പ്രയാസമുണ്ടായില്ല. അഭിപ്രായഭേദങ്ങൾ ഇരിക്കെത്തന്നെ, സ്വന്തം പരിചിതവലയവുമായി നിരന്തരംബന്ധംപുലർത്തുവാനും, ആത്മാർത്ഥതയുടേതായ ഒരു സവിശേഷവികാരം തങ്ങൾക്കുചുറ്റും നിലനിർത്തുവാനും അസാധാരണമായ വൈദഗ്ദ്ധ്യം അവർക്കുണ്ടായിരുന്നു.

1971-ൽ മാധവമേനോൻ അന്തരിച്ചതുമുതൽ കുട്ടിമാളു അമ്മ പൊതുരംഗത്തുനിന്നു പതുക്കെപ്പതുക്കെ പിന്മാറാൻ തുടങ്ങി. എങ്കിലും, പല തലങ്ങളിൽ പ്രവർത്തനനിരതമായിരുന്നു അവസാനകാലംവരെ കുട്ടിമാളു അമ്മയുടെ ജീവിതം.

ഒടുവിൽ ഇപ്പോൾ ആ ജീവിതത്തിന്റെമേലും മരണത്തിന്റെ കനത്ത നിഴൽ വീണുകഴിഞ്ഞിരിക്കുന്നു. അടിമഭാരതത്തിന്റെ വിമോചനത്തിനുവേണ്ടി അനവരതം അദ്ധ്വാനിക്കുകയും, ഈ പ്രവൃത്തനത്തിലൂടെ ഗാന്ധിജിയുടെ ജീവിതസന്ദേശത്തിനു ഭാഗികമെങ്കിലും മൂർത്തമായ ഉദാഹരണം കേരളീയരുടെ മുമ്പിൽ സമർപ്പിക്കുകയുംചെയ്ത ഈ ധീരവനിതയുടെ സ്മരണയ്ക്കുമുമ്പിൽ നമുക്കു് ആദരാഞ്ജലികൾ അർപ്പിക്കാം!

(19 ഏപ്രിൽ, 1985)

# 72. കവിപീഡനത്തിന്റെ പന്ത്രണ്ടു വർഷങ്ങൾ

തലസ്ഥാനനഗരിയിൽ, സംസ്ഥാനത്തിന്റെ കേന്ദ്ര ഗ്രന്ഥശാലയിൽ, മഹാകവി ജി. ശങ്കരക്കുറുപ്പിന്റെ ചിത്രം മുഖ്യമന്ത്രി അനാച്ഛാദനംചെയ്യുന്നു എന്നതു് അത്യന്തം പ്രസക്തമായ ഒരു കാര്യമാണു്. കുമാരനാശാൻ, ഉള്ളൂർ, വള്ളത്തോൾ എന്നീ നവോത്ഥാനകാല കവിത്രയത്തിനുശേഷം ഏററവും ഉത്കൃഷ്ടങ്ങളായ ഉപലബ്ധികൾ മലയാളകവിത കൈവരിച്ചതു നമുക്കെല്ലാം പ്രിയപ്പെട്ട ഈ കവിയുടെ രചനകളിലൂടെയാണു്. ചങ്ങമ്പുഴയടക്കം ഇന്നു ജീവിച്ചിരിപ്പില്ലാത്തവരും, വൈലോപ്പിള്ളിയടക്കം ഇന്നു ജീവിച്ചിരിക്കുന്നവരുമായ, പ്രതിഭാധനരായ ഒട്ടവളരെ കേരളീയകവികളുടെ സംഭാവനകൾ ഉള്ളിൽവച്ചുകൊണ്ടുതന്നെയാണു ഞാനിതു പറയുന്നതു്. ഈ താരതമ്യചിന്തനം മലയാളകവിതയുടെ അകത്തുമാത്രമായി ഒതുങ്ങിനിൽക്കണമെന്നുമില്ല.

രവീന്ദ്രനാഥ ടാഗോറിനുശേഷം, ഏതെങ്കിലുമൊരു ഭാരതീയ ഭാഷയിൽ വ്യാപരിച്ച ഏതു കവിയുടെ കൃതി സാകല്യവുമായി തുലനംചെയ്താലും വിഷയവൈവിദ്ധ്യം, പുരോഗമനാത്മകവും പ്രസാദമധുരവുമായ ജീവിതവീക്ഷണം, ദാർശനികമായ അഗാധത, ഭാവനയുടെ ഉത്തുംഗത,

സാങ്കേതികപൂർണ്ണത, കേവലമായ കാവ്യസൗന്ദര്യം മുതലായ കാവ്യമൂല്യനിർണ്ണയത്തിനുള്ള ഏതു മാനദണ്ഡം തുലനത്തിനു് അവലംബിച്ചാലും ജി. യുടെ കവിതകൾ വളരെയധികം ഉയർന്നുതന്നെ നിൽക്കുന്നു എന്നു നിഷ്പക്ഷമതികൾ സമ്മതിക്കാതിരിക്കുകയില്ല. സമകാല കേരളീയ സംസ്കാരത്തിന്റെ ഏററവുമധികം സുന്ദരവും വിശുദ്ധവുമായ ഒരംശം ഈ മഹാകവിയുടെ ഭാവന സൃഷ്ടിച്ചു നമുക്കു സമ്മാനമായി തന്നതത്രെ.

കാവ്യാനുശീലകർക്കു കറെ മുമ്പുതന്നെ വ്യക്തമായിക്കഴിഞ്ഞിരുന്ന ഈ വസ്തുത ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലുമുള്ള സാഹിത്യകുതുകികൾ അത്ഭുതത്തോടെ മനസ്സിലാക്കിയതു് 1965 ഡിസംബർ 29–നു് ആയിരുന്നു — ഏതാണ്ടു് ഇരുപതു വർഷംമുമ്പു്. 1921 മുതൽ 1950 വരെയുള്ള, ഇന്ത്യയിലെങ്ങും നവചേതനയുടെ അലകൾ ആഞ്ഞടിച്ചുയർന്നിരുന്ന 30 വർഷങ്ങളിൽ, ഇന്ത്യയിലെ ഏതെങ്കിലുമൊരു ഭാഷയിൽ രചിക്കപ്പെട്ട കൃതികളിൽവച്ചേററവും മികച്ചതിന്റെ, ജീവിച്ചിരിക്കുന്ന കർത്താവിനു നൽകപ്പെട്ട ജ്ഞാനപീഠം സമ്മാനം ശങ്കരക്കുറുപ്പിനെ മാത്രമല്ല, മലയാളകവിതയെത്തന്നെ പ്രശസ്തിയുടെ ഉത്തുംഗശിഖരത്തിൽ പ്രതിഷ്ഠിച്ചതു് അന്നായിരുന്നു. ഇന്ത്യയുടെ രാഷ്ട്രീയജീവിതത്തിൽ അന്നു ലഭിച്ചതിനു തുല്യമായ ഒരംഗീകാരം കേരളത്തിനു പിന്നിലുള്ള ഇരുപതു വർഷങ്ങൾക്കുള്ളിൽ ഒരിക്കൽപോലും ലഭിക്കുകയുണ്ടായിട്ടില്ല.

കേരളം ഒഴികെ ഇന്ത്യയുടെ മററു ഭാഗങ്ങളിലെ സാഹിത്യ പ്രണയികൾ അകമഴിഞ്ഞു നൽകിയ അംഗീകാരം വേണ്ടിവന്നു, ഈ മഹാകവിയുടെ പരശ്ശതം രചനകളിലെ അദ്വിതീയമായ സാഹിത്യ മൂല്യത്തെപ്പററി കേരളത്തിനകത്തു പ്രചരിക്കപ്പെട്ടുവന്നിരുന്ന സംശയങ്ങൾ പരിഹരിക്കാനെന്നതു് ഒരു വിരോധാഭാസമായിത്തോന്നാം. 1954 മുതൽ 1965 വരെ, ഏകദേശം ഒരു പന്തീരാണ്ടുകാലം, ജി. യുടെ കവിത്വത്തെ മാത്രമല്ല വ്യക്തിത്വത്തെത്തന്നെ കരിതേച്ചുകാണിക്കുന്നതിനുള്ള, സംഘടിതമെന്നു തോന്നാവുന്ന, ഒരു വ്യർത്ഥപരിശ്രമം ഇവിടെ സ്ഥിരമായി നടന്നുവന്നിരുന്നു. മഹാകവി ജി. യുടെ കവിത്വത്തിനെതിരായ ആക്രമണത്തിന്റെ ആദ്യത്തെ വെടി പരസ്യമായി പൊട്ടിയതു് ഇതേ തലസ്ഥാനനഗരിയിൽത്തന്നെയായിരുന്നു. 1954–ൽ ഇവിടെ ചേർന്ന സാഹിത്യപരിഷത്തു് സമ്മേളനത്തിൽ, ജി. യുടെതന്നെ അദ്ധ്യക്ഷതയിൽ ചേർന്ന ഒരു യോഗത്തിലെ സ്വാഗതപ്രാസംഗികനായിരുന്ന പരേതനായ മയ്യനാട്ടു് കെ. ദാമോദരനാണു്, 'ജി. കവിയാണോ?' എന്നു പ്രത്യക്ഷത്തിൽത്തന്നെ അത്ഥശൂന്യമായ ചോദ്യം പൊടിപ്പും തൊങ്ങലുംവെച്ചു് അവതരിപ്പിച്ചതു്. പരിഹാസചതുരനും പ്രഖ്യാതപണ്ഡിതനുമായിരുന്ന എൻ. ഗോപാലപിള്ള, പ്രസംഗകലാ പാരംഗതനായ പ്രൊഫസർ മുണ്ടശ്ശേരി, പ്രൊഫസർ എം. കെ. സാനു, പ്രൊഫസർ കരിമ്പുഴ രാമകൃഷ്ണൻ മുതലായ പ്രശസ്തരും അത്രതന്നെ പ്രശസ്തരല്ലാത്ത വേറെയും പലരും പിന്നീടു കറെക്കാലത്തേക്കു പ്രസംഗങ്ങളിലൂടെയും പത്രലേഖനങ്ങളിലൂടെയും ജി. യുടെ കവിത്വത്തിനെതിരായ കടന്നാക്രമണം നിരന്തരം നടത്തിപ്പോന്നു

റൊമാൻറിസിസത്തിന്റെ അപചയകാലത്തു പ്രത്യക്ഷപ്പെടുമെന്നു പാശ്ചാത്യനിരൂപകർ സിദ്ധാന്തിച്ചിട്ടുള്ള ദൂഷിച്ച പ്രവണതകളാണു് ജി. യുടെ കവിതയുടെ സവിശേഷതയെന്നു സ്ഥാപിക്കുന്നതിനുവേണ്ടി പ്രൊഫസർ സുകുമാർ അഴീക്കോടു് സാമാന്യം തടിച്ച ഒരു പുസ്തകം എഴുതി അച്ചടിച്ചിട്ടുള്ളതു് ഈ കാലഘട്ടത്തിലാണു്. ഏററവും നികൃഷ്ടമായ കാവ്യചൗര്യം ശുദ്ധാത്മാവായ ജി. യിൽ ആരോപിക്കുന്നതിനുപോലും ചിലർ മടിക്കുകയുണ്ടായില്ല. ജി. യുടെ ഭാവഗാനങ്ങളിൽ സർവോത്കൃഷ്ടമെന്നു മാത്രമല്ല, മലയാളത്തിലെ ഭാവഗാനങ്ങൾക്കിടയിൽത്ത

ന്നെ ഏററവും മികച്ചതെന്നു പലരും കരുതുന്ന 'സാഗരസംഗീതം' സി. ആർ. ദാസിന്റെ അതേപേരിലുള്ള ഒരു കവിതയുടെ ആശയചോരണമാണെന്നു സമർത്ഥിക്കാൻവേണ്ടി മലയാളത്തിലെ ഒരു കവി പേരിലല്ലാതെ മററൊന്നിലും ജി. യുടെ കവിതയോടു യാതൊരു സാമ്യവുമില്ലാത്ത സി. ആർ. ദാസിന്റെ കവിത വിവർത്തനംചെയ്തു പ്രകാശിപ്പിക്കുകയുണ്ടായി.

ഇതിനൊക്കെ കിരീടംവയ്ക്കുമാറ് ജ്ഞാനപീഠംസമ്മാനംപോലെയുള്ള ഒരു ബഹുമതിക്കു ശുപാർശചെയ്യപ്പെടാൻ അർഹതയുള്ള ഒരു കൃതിയും മലയാളത്തിലില്ലെന്ന അർത്ഥത്തിൽ സാഹിത്യഅക്കാദമിയുടെ അന്നത്തെ അദ്ധ്യക്ഷൻ ഒരു പത്രപ്രസ്താവന ഇറക്കുകയും, അക്കാദമി എക്സിക്യൂട്ടീവ് ഈ പ്രസ്താവന ശരിവയ്ക്കുംവിധം പെരുമാറുകയും ചെയ്തു. മലയാളസാഹിത്യത്തെ സമ്പന്നമാക്കുന്നതിനു് അരനൂററാണ്ടോളം നിസ്തന്ദ്രമായും സഫലമായും പരിശ്രമിച്ചു എന്നല്ലാതെ മററൊരു മഹാപരാധവും പ്രവർത്തിച്ചിട്ടില്ലാത്ത ജി. യോടു് ഇരുപതു വർഷംമുമ്പു മലയാളത്തിലെ ചില സഹ–എഴുത്തുകാർ കാണിച്ച സംസ്കാരശൂന്യവും ഗർഹണീയവുമായ ഈ പെരുമാററം നാം മറക്കാറായിട്ടില്ല

ജി.ക്കെതിരായ യശോഹത്യാപ്രസ്ഥാനമാരംഭിച്ചതു് ഈ തലസ്ഥാനനഗരിയിൽനിന്നാണെങ്കിൽ, ആ മഹാകവിയെ അഖിലഭാരത പ്രശസ്തിയിലേക്കുയർത്തിയ ജ്ഞാനപീഠംസമ്മാനത്തിനു് ഔപചാരികമായി അദ്ദേഹത്തിന്റെ കൃതി നിർദ്ദേശിക്കപ്പെട്ടതും ഇവിടെവെച്ചുതന്നെയാണു്. ശൂരനാട്ടു് കുഞ്ഞൻപിള്ള, ഡോ. എസ്. കെ. നായർ, ഞാൻ, ഇങ്ങനെ മൂന്നുപേർ അടങ്ങിയ ഒരു ഉപദേശകസമിതി 1964 ഫെബ്രുവരി 8–ാം തീയതി അന്നത്തെ ലെക്സിക്കൺ ആഫീസിൽ ഇരുന്നാണു് 'ഓടക്കുഴൽ' എന്ന ജി. യുടെ കവിതാസമാഹാരം ജ്ഞാനപീഠം സമ്മാനത്തിനു ശുപാർശചെയ്തതു്. 'ഓടക്കുഴൽ' എന്ന സമാഹാരത്തിനു വിസ്തൃതവും മനോഹരവും യുക്തിസംഗതവുമായ ഒരു അവതാരിക എഴുതിയതു് തിരുവനന്തപുരം നഗരത്തിൽ എത്രയോ വർഷമായി പാർത്തുവരുന്ന പ്രൊഫസർ ഗുപ്തൻനായരാണു് എന്ന കാര്യവും ഇക്കൂട്ടത്തിൽ സ്മരിക്കാവുന്നതാണു്. അങ്ങനെ 1954–ൽ മഹാകവി ജി. യോടു ചെയ്ത അപരാധത്തിനു് തിരുവനന്തപുരംനഗരം പത്തുവർഷം കഴിഞ്ഞു് 1964–ൽ പ്രായശ്ചിത്തംചെയ്തു.

ജ്ഞാനപീഠംസമ്മാനം ജിയെ സംബന്ധിച്ചിടത്തോളം പീഡനകാലത്തിന്റെ പര്യവസാനത്തെക്കുറിച്ചു. മഹാനായ ഈ കേരളപുത്രനു് ഒരു ബഹുമതിബിരുദം നൽകി സ്വയം ബഹുമാനിതമാകാനുള്ള വിവേകം നമ്മുടെ സർവകലാശാലയ്ക്കു പിന്നീടു് ഉണ്ടായില്ലെങ്കിലും ഭാരതമെന്ന നമ്മുടെ മഹത്തായ രാഷ്ട്രം അദ്ദേഹത്തെ പത്മഭൂഷണബിരുദം നൽകിയും രാജ്യസഭാംഗമാക്കിയും മററും യഥാവിധി ബഹുമാനിച്ചു.

മനുഷ്യൻ മരിക്കുന്നതുവരെ മാത്രമേ ബഹുമതികൾക്കു് അർത്ഥമുള്ളു. ജി.യുടെ ഭൗതികശരീരം ഇന്നു നമ്മോടുകൂടിയില്ല. എങ്കിലും അദ്ദേഹത്തിന്റെ 'കാന്തവും കാവ്യമയവുമായ വപുസ്സ്'', കവിത, ഇപ്പോഴും നമ്മുടെ ഹൃദയങ്ങളിൽ സജീവമാണു്. മലയാളമെന്ന ഭാഷ വ്യവഹാരദശയിലിരിക്കുന്ന കാലത്തോളം ജി യുടെ കവിത ഭാവുകഹൃദയങ്ങളെ ഉത്തരളിതങ്ങളാക്കി ജീവിക്കുമെന്നതിലും യാതൊരു സംശയവുമില്ല. പ്രകൃതിപ്രേമത്തിന്റെയും ദേശഭക്തിയുടെയും അദ്ധ്യാത്മചിന്തയുടെയും ജീവിതസംസ്കാരത്തിന്റെയും സൗന്ദര്യത്തിന്റെയും ഉദാത്തതയുടെയും, സ്പൃഹണീയങ്ങളായ മനുഷ്യമൂല്യങ്ങൾ എല്ലാററിന്റെയും, പാഠങ്ങൾ മലയാളികളുടെ എത്രയോ തലമുറകൾ ജി യുടെ സംഗീതാത്മക ചിന്തകളിൽനിന്നു നേരിട്ടു ഉൾക്കൊണ്ടു വളരും.

ജി. അദ്ദേഹത്തിന്റെ കൃതികളിൽ, ഗ്രന്ഥങ്ങളിൽ, എന്നുമെന്നും ജീവിക്കും. ഈ ഗ്രന്ഥങ്ങളോടൊപ്പം, ഗ്രന്ഥകാരന്റെ കലീനവും സുന്ദരവുമായ ശരീരവടിവു പ്രദർശിപ്പിക്കുന്ന ചിത്രങ്ങൾകൂടി, ഗ്രന്ഥശാലകളിൽ ഉണ്ടായിരിക്കുന്നതു് ആശാസ്യമാണ്.

മഹാകവി ജി.ക്കു് എന്റെ നമസ്കാരം!

(തിരുവനന്തപുരം പബ്ലിക് ലൈബ്രറിയിൽ 1985 ജൂൺ 3–ാം തിയതി ചേർന്ന യോഗത്തിലെ അദ്ധ്യക്ഷപ്രസംഗം)

# 73. പി. എ. വാരിയർ

ജീവിതത്തെ അതിന്റെ എല്ലാ ഭൗതിക—ധൈഷണിക—വൈകാരിക സൗഭാഗ്യങ്ങളോടുംകൂടി സാക്ഷാല്ക്കരിക്കുവാൻ നിരന്തരം യത്നിച്ചുപോന്ന ഒരു സഹൃദയനായിരുന്നു 1985 ജൂലൈ 15–ാംതീയതി തിരുവനന്തപുരത്തു വെച്ചു് അറുപത്തഞ്ചാംവയസ്സിൽ അന്തരിച്ച പി. എ. വാരിയർ. അദ്ദേഹവുമായി നാലു ദശാബ്ദത്തിലേറെ നീണ്ടുനിന്ന മൈത്രീബന്ധമുള്ള എന്റെ ഓർമയിൽ, അദ്ദേഹത്തെപ്പററി ചിന്തിക്കുമ്പോഴെല്ലാം, ആദ്യമായി തെളിഞ്ഞുവരുന്ന രൂപം ഒരു സ്പോർട്സ്മാൻേറതാണ്——താംബരത്തു് ബാഡ്മിൻറണും തൃശ്ശൂരിൽ ടെന്നീസ്സും തിരുവനന്തപുരത്തു് ടേബിൾ ടെന്നീസ്സും കളിക്കുന്നതിനൊരുങ്ങിയോ, കളി കഴിഞ്ഞു വിയർത്തോ, വരുന്ന അരോഗസുന്ദരമായ രൂപം. പില്ക്കാലത്തു ശക്തിയേറിയ ആസ്ത്മയുടെ ആക്രമണത്തിനു് ഇരയായിത്തീർന്നിട്ടും, സ്പോർട്സിലുള്ള താല്പര്യം ഏതാണ്ടു ജീവിതാന്ത്യംവരെ അദ്ദേഹം നിലനിർത്തിപ്പോന്നു.

സ്പോർട്സിലുള്ള താല്പര്യംപോലെതന്നെ, സ്പോർട്സ്മാൻെറ നിത്യപ്രസാദാത്മകമായ ജീവിതവീക്ഷണവും, പരിതസ്ഥിതികൾ വളരെയേറെ പ്രതികൂലമായപ്പോഴും, പി. എ. കൈവിട്ടുകളഞ്ഞില്ല. അദ്ധ്യാപകനെന്ന നിലയിൽ മദ്രാസ് ക്രിസ്ത്യൻ കോളേജിലും തൃശ്ശൂർ സെൻറ് തോമസ് കോളേജിലും ഉണ്ടായിരുന്ന അനേകം വിദ്യാർത്ഥികളുടെ ആരാധന അദ്ദേഹത്തിനു നേടിക്കൊടുത്തതു്, താൻ പഠിപ്പിച്ചിരുന്ന മലയാളസാഹിത്യത്തിലുണ്ടായിരുന്ന അവഗാഹത്തോടൊപ്പം അദ്ദേഹത്തിന്റെ സ്വഭാവസവിശേഷതയായിരുന്ന ഈ പ്രസാദാത്മകതകൂടിയായിരിക്കണം.

ഏതെങ്കിലും രാഷ്ട്രീയപ്പാർട്ടിയിൽ പി. എ. വാരിയർ എപ്പോഴെങ്കിലും അംഗമായിരുന്നോ? എനിക്കു് അറിഞ്ഞുകൂടാ. എന്റെ വിശ്വാസം ഒരിക്കലും അദ്ദേഹം ഒരു പാർട്ടിയിലും അംഗമായിരുന്നില്ലെന്നാണ്. എന്നാൽ, ഇടതുപക്ഷ രാഷ്ട്രീയച്ഛായ്‌വിൻെറ പേരിൽ ഏററവുമധികം പീഡനം അനുഭവിക്കാൻ വിധിക്കപ്പെട്ട ഒരാളായിരുന്നു അദ്ദേഹം. കമ്യൂണിസ്റ്റ്പ്രസ്ഥാനവുമായി ബന്ധമോ അനുഭാവമോ ഉണ്ടെന്ന ആരോപണത്തെത്തുടർന്നാണ് അദ്ദേഹത്തിനു് തൃശ്ശൂർ സെൻറ്തോമസ് കോളേജിലെ ഉദ്യോഗം ഉപേക്ഷിക്കേണ്ടിവന്നതു്. ആ കലാലയത്തിൽ അദ്ദേഹത്തിന്റെ സമകാലികനും ഉററ സുഹൃത്തുമായിരുന്ന പ്രൊഫസ്സർ കെ. സി. പീററർക്കും ഇതേ വിധിതന്നെയാണുണ്ടായതെന്നു് ഇത്രയും കാലത്തിനുശേഷം ഓർമിക്കുക രസകരമാണ്. ഏതെങ്കിലും രാഷ്ട്രീയപ്പാർട്ടിയോടുള്ള ബന്ധമല്ല, ഒരു സവിശേഷ ജീവിതവീക്ഷണത്തോടുള്ള